**No. CEE/4848/2013/KEAM-2014/TA1**

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## 2014-ലെ എം.ബി.ബി.എസ് കോഴ്സിൽ ഒഴിവുള്ള സീറ്റുകളിലേയ്ക്കുള്ള പ്രവേശനം ഓൺലൈൻ ഓപ്ഷനുകൾ ക്ഷണിക്കുന്നു

2014-15 അദ്ധ്യയന വർഷത്തെ സംസ്ഥാനത്തെ എം.ബി.ബി.എസ് കോഴ്സിലേയ്ക്കുള്ള പ്രവേശനം 30.09.2014 ന് അവസാനിച്ചിരുന്നു. എന്നാൽ സംസ്ഥാനത്ത് ഒഴിവുള്ള എം.ബി.ബി.എസ് സീറ്റുകൾ ഉണ്ടെങ്കിൽ അവ മെറിറ്റ് അടിസ്ഥാനത്തിൽ നികത്തുന്നതിന് 01.12.2014-ലെ സിവിൽ റിട്ട് പെറ്റിഷൻ നം. 934/2014-ൻ മേൽ ബഹു: സുപ്രീം കോടതി ഉത്തരവായിരുന്നു. അതിൻ പ്രകാരം ഒഴിവുള്ള സീറ്റുകൾ സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിനായി കേരള ആരോഗ്യ സർവ്വകലാശാലയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ അറിയിപ്പ് നൽകിയിരുന്നു. 13.01.2015-ലെ ആരോഗ്യ സർവ്വകലാശാലയുടെ കത്ത് പ്രകാരം തൊടുപുഴ അൽ-അസ്ഹർ മെഡിക്കൽ കോളേജ്, തൃശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് എന്നീ സ്വാകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ് സീറ്റുകൾ ഒഴിവുള്ളതായി അിറയിച്ചിരുന്നു. പ്രസ്തുത സീറ്റുകൾ നികത്തുന്നതിന് 30.09.2014 നു ശേഷം ബന്ധപ്പെട്ട കോളേജ് മാനേജ്മെന്റുകൾക്ക് അധികാരമില്ലാത്തതിനാൽ അവ സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകൾക്ക് ബാധകമായ ഫീസ് നിരക്കിൽ മെരിറ്റടിസ്ഥാനത്തിൽ പ്രവേശനം നടത്താൻ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് 03.02.2015 ലെ ഉത്തരവിലൂടെ സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ മേല്പറഞ്ഞ സീറ്റുകളിലേയ്ക്ക് പ്രവേശനം നടത്തുന്നതിനായി 2014-ലെ മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 4000 വരെ റാങ്കുള്ള വിദ്യാർത്ഥികളിൽ നിന്നും ഓൺലൈൻ ഓപ്ഷനുകൾ ക്ഷണിച്ചിരുന്നുവെങ്കിലും സീറ്റുകളുടെ എണ്ണം സംബന്ധിച്ച് വ്യക്തത ഇല്ലാതിരുന്നതിനാൽ അലോട്ട്മെന്റ് നീട്ടി വച്ചു. എന്നാൽ 26.02.2015 ലെ കത്തിലൂടെ കോഴിക്കോട് മലബാർ മെഡിക്കൽ കോളേജിൽ നാല് എം.ബി.ബി.എസ് സീറ്റുകളും തിരുവനന്തപുരം, വെഞ്ഞാറമൂട് ശ്രീ ഗോകുലം മെഡിക്കൽ കോളേജിൽ ഒരു എം.ബി.ബി.എസ് സീറ്റും ഒഴിവുള്ളതായി ആരോഗ്യ സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. പ്രസ്തുത സീറ്റുകളിലേയ്ക്ക് പ്രവേശനത്തിന് താൽപര്യമുള്ള വിദ്യാർത്ഥികൾ 26.02.2015 മുതൽ 01.03.2015 വൈകുന്നേരം മൂന്ന് മണി വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ ഓപ്ഷനുകൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. പ്രസ്തുത വെബ്സൈറ്റിലെ **'KEAM 2014: Option Registration for Vacant MBBS Seats'** എന്ന ലിങ്കിലൂടെ അവരവരുടെ റോൾ നമ്പർ, ആപ്ലിക്കേഷൻ നമ്പർ, പാസ്‌വേഡ് എന്നിവ നൽകിയ ശേഷം ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്. 2014-ലെ മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 4000 വരെ റാങ്കുള്ള വിദ്യാർത്ഥികൾക്ക് താഴെപ്പറയുന്ന സീറ്റുകളിലേയ്ക്ക് ഓപ്ഷനുകൾ സമർപ്പിക്കാം. 04.02.2015 ലെ ഈ ഓഫീസ് വിജ്ഞാപനം പ്രകാരം തൊടുപുഴ അൽ-അസ്ഹർ മെഡിക്കൽ കോളേജ്, തൃശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് എന്നിവയിലേയ്ക്ക് ഓപ്ഷനുകൾ സമർപ്പിച്ചവർക്ക് താഴെപ്പറയുന്ന കോളേജുകളിലേയ്ക്ക് ഓപ്ഷനുകൾ പുതുതായി സമർപ്പിക്കുന്നതിനും, ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും, റദ്ദ് ചെയ്യുന്നതിനും സൗകര്യമുണ്ടായിരിക്കുന്നതാണ്. നിശ്ചിത സമയത്തിനകം ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കാത്ത വിദ്യാർത്ഥികളെ ഒരു കാരണവശാലും പ്രവേശനത്തിനായി പരിഗണിക്കുന്നതല്ല. പ്രവേശനം ആഗ്രഹിക്കാത്തവർ യാതൊരു കാരണവശാലും ഓപ്ഷനുകൾ നൽകാൻ പാടുള്ളതല്ല.

**ഒഴിവുള്ള സീറ്റുകൾ:**

| കോളേജ് കോഡ് | കോളേജ് | ഒഴിവുള്ള സീറ്റുകളുടെ എണ്ണം | ഫീസ് നിരക്ക് |
|---|---|---|---|
| **MMH** | Malabar Medical College Hospital & Research Centre, Modakkallur P O,Atholi (via), Kozhikkode-21. | **4** | **Rs. 25,000** |
| **GMC** | Sree Gokulam Medical College & Research Foundation, Venjaramoodu P O, TVPM. | **1** | **Rs. 25,000** |

01.03.2015 വൈകുന്നേരം മൂന്ന് മണിവരെ ലഭിക്കുന്ന ഓൺലൈൻ ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത സീറ്റുകളിലെ പ്രവേശനത്തിനായുള്ള മെറിറ്റ് ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇപ്പോൾ ഏതെങ്കിലും കോഴ്സിൽ പ്രവേശനം നേടി പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ പുതുതായി പ്രവേശനം ലഭിക്കുന്ന പക്ഷം അവർ പഠിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്യുന്നത് സംബന്ധിച്ച വ്യവസ്ഥകൾ കോളേജ് അധികാരികളുമായി ബന്ധപ്പെട്ട് സ്വയം ബോധ്യപ്പെട്ടിരിക്കേണ്ടതാണ്.

തിരുവനന്തപുരം
26.02.2015

**പ്രവേശന പരീക്ഷാ കമ്മീഷണർ**